LITTLE KITES

# Reflections



## E MAGAZINE

# GHS THIRUVAZHIYAD

# Something about us At first..



Our school was established in 1909 . It is located in Rural area. It is located in Kollengode block of Palakkad district of Kerala. Our school consists of Grades from 1 to 10. The school is Co-educational and it have an attached pre-primary section. Our school is one of the popular schools in Kerala. Our School is counted among the top-rated Schools in Kerala with an excellent academic track record.

# ആശംസ



ജി.എച്ച്.എസ് തിരുവഴിയാടിന്റെ പൊൻതൂവലായ ലിറ്റിൽ കൈറ്റ്സിന്റെ "റിഫ്ലക്ഷൻസ്" എന്ന ഇ.മാഗസിന്നു എല്ലാ വിധ ആശംസകളും നൽകുന്നു . സമൂഹത്തിനു നേരെ പിടിക്കുന്ന കണ്ണാടി പോലെ സ്കൂൾ പ്രവർത്തനങ്ങളുടെ സമ്മിശ്രശേഖരണമാണ് റിഫ്ലക്ഷൻസ്

ശോഭ .കെ .പി
പ്രധാനാധ്യാപിക



രാജേഷ് . ആർ

പി.ടി.എ  പ്രസിഡന്റ്

# ആശംസ

ഗവ  ഹൈസ്കൂൾ  തിരുവഴിയാട്   ഈ  നാടിനും  ഇവിടത്തെ കുട്ടികൾക്കും  വികസനോദ്ദേശ്യത്തെ  മുൻനിർത്തി  ധാരാളം പ്രവർത്തനങ്ങൾ  തുടർച്ചയായി  നടത്തിവരുന്നു.  അക്കൂട്ടത്തിൽ കുരുന്നുകളുടെ  സർഗ്ഗവാസനകളെ  പ്രോത്സാഹിപ്പിക്കുന്നതിനായി ആരംഭിച്ച ഈ ഡിജിറ്റൽ മാഗസിൻ എന്ന സംരംഭത്തിന്  പി.ടി .എ പ്രസിഡന്റ് എന്ന നിലയിൽ  എല്ലാവിധ  ഭാവുകളും നേരുന്നു



ആണ്ടവൻ. എം

എസ്. എം .സി ചെയർമാൻ

# ആശംസ

കുട്ടികളിലെ കഴിവുകൾ വികസിപ്പിക്കാൻ എക്കാലത്തും വേറിട്ട പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സ്ഥാപനമാണ് നമ്മുടെ ഗവ.ഹൈസ്കൂൾ തിരുവഴിയാട്. താളുകളിൽ നിന്നും സ്ക്രീനുകളിലേക്ക് കാഴ്ചകളേയും ലോകത്തേയും പറിച്ചുനട്ടവരാണ് നമ്മുടെ പുതു തലമുറ. വായനയും സർഗാത്മകതയും മരിച്ചു കൊണ്ടിരിക്കുന്നു എന്ന് ആകുലപ്പെടുന്ന ഇക്കാലത്ത്, നമ്മുടെ കുട്ടികൾ അവരുടെ സർഗവാസനകളെയും സാങ്കേതികവിദ്യാ പരിജ്ഞാനവും ഒരേ ക്യാൻവാസിൽ സന്നിവേശിച്ചു കൊണ്ടുള്ള ഈ ഡിജിറ്റൽ മാഗസിൻ എന്ന ആശയം ഏറെ പുതുമ നിറഞ്ഞതും ഉപകാരപ്രദവുമാണ്. ഇതിനു പിന്നിൽ പ്രവർത്തിച്ച അധ്യാപകർക്കും വിദ്യാർത്ഥികൾക്കും എന്റെ ഹൃദയംഗമമായ ആശംസകൾ... അഭിനന്ദനങ്ങൾ..

# REFLECTIONS-2019

## പ്രവേശനോത്സവം




*Again!! We are in.. & Together we Welcome..*
*To Reflect the light of Wisdom..*

# പ്രവേശനോത്സവം

GHS തിരുവഴിയാടിലെ പ്രവേശനോത്സവം വർണാഭമായ ഘോഷയാത്രയോടുകൂടെ ആരംഭിച്ചു . അയിലൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ സുകുമാരൻ അവർകൾ ഉത്ഘാടനം ചെയ്ത ചടങ്ങിൽ പി.ടി.എ പ്രസിഡന്റ് ശ്രീ രാജേഷ് അധ്യക്ഷത വഹിച്ചു സ്കൂളിലെ പ്രധാനാദ്ധ്യാപിക ശ്രീമതി കെ പി ശോഭടീച്ചർ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ അബ്ദുൾ ജലീൽ, നെമ്മാറ സർക്കിൾ ഇൻസ്പെക്ടർ ശ്രീ ഷൈജു, ബി ആർ സി പ്രതിനിധി ശ്രീ അഭിലാഷ് എന്നിവർ ആശംസകൾ അർപ്പിച്ചു



# Inauguration of ATAL Tinkering Lab

With a vision to 'Cultivate one Million children in India as Neoteric Innovators' and for inculcating the spirit of scientific inquiry among students, ATAL Tinkering Lab has been established in our institution. We aim to inculcate the values of innovation, technology and entrepreneurship among our students. Atal Tinkering Lab of this school will function as dedicated works spaces where students learn innovation skills and develop ideas that will go on to transform India.



The inaugration of ATAL Tinkering lab at GHS Thiruvazhiyad was done by Hon.MP. Ramya Haridas.

## We Dream Big and  Now we have our workshop Ready..








# We replicate the nature with technology..

Little KITE made us competent enough to simulate any natural beauty to the computer screen. We have made several Onapookalams digitally.



## We talk with the Nature...

*We have a biodiversity garden to communicate with the nature and to dance with its rhythm along with the singing cuckoos and fluttering butterflies. We grow flower plants and organic fruits and vegetables in our garden. Spending some time in our garden nourishes positive thoughts in your mind and an opportunity to relax in your busy school schedule.*



# Inauguration of Vidhyarangam Sahithyavedi

**അറിവിന്റെ അക്ഷരലോകത്തേക്കു കുരുന്നുകളെ കൈപിടിച്ച് ഉയർത്തി അവരിലെ സാഹിത്യ വാസനകളെ പരിപോഷിപ്പിക്കുവാൻ ഒരു വേദി**



ചിറ്റിലംചേരി എം.എൻ.കെ.എം.എച്ച്എ.സ്എ.സ് ലെ മലയാളം അധ്യാപകൻ ശ്രീ മഹേന്ദ്രൻ മാസ്റ്റർ പരിപാടി ഉദ്ഘാടനം ചെയ്തു

## We Celebrate with the ones who don't..

We decided to celebrate onam with Ambadi, a $7^{th}$ grader student who needs special attention. We, with our Head Mistress, PTA members, BRC representatives and Teachers arrived at Ambadis home with Maveli and celebrated Onam with him by making pookalam and singing onam songs.



# 100% success.. We’re always the best!

While we look back to our entire history, we can’t see a result not less than 100% in our SSLC results . As we all know the task is not easy to maintain the ever repeating success but we make it possible with our hard working teachers and staff. We have conducted “Vijayolsavam” in our school to celebrate our success. The programme was inaugurated by Sri.K.Babu, Hon MLA.



# Swifter, Higher & Stronger we are..

Our sports day celebration was held on October 4th and was inaugurated by Ayalur panchayath president, Sri Sukumaran . PTA members and Teachers spoke at the function.



# We are ready to serve..

Our Student Police Cadets planted 140 tree saplings in 140th birthday of our Father of Nation. The trees were planted in Kozhikkad colony near to our school. As always, PTA members and teachers came to help us.



# We Respect the old..

We celebrated October 1st with 74 years Radhemma by honouring her experience in life in our school. The event was led by Junior Red Cross students. Radhemma was extremely happy to be with us and she shared her life experience. We are always aware about the importance of respecting adults in our life.



## ഗുരുനാഥൻ തന്ന കണക്കു പുസ്തകം

"ഛെ, ഇപ്രാവശ്യവും ഞാൻ കണക്കിന് തോറ്റു".തേങ്ങി കരയുന്നതിനിടയിൽ 8 ൽ പഠിക്കുന്ന ചിഞ്ചു മനസ്സിൽ പറഞ്ഞു.ക്ലാസ്സിലെ കുട്ടികളെല്ലാം അവളുടെ ചുറ്റും കൂടി അവൾക്ക് എല്ലാവരെയും കണ്ടപ്പോഴേക്കും കൂടുതൽ സങ്കടമായി."എന്താണിവിടെ പ്രശ്നം?" .കുട്ടികൾ കൂടി നിൽക്കുന്നത് കണ്ട് ടീച്ചർ കടന്നു വന്നു.മുഖം മുഴുവൻ വാടി തേങ്ങി കരയുന്ന അവളോടായി ചോദിച്ചു."എന്തു പറ്റി ചിഞ്ചു..എന്തിനാ കരയുന്നേ?". മുഖത്തു നിന്നും അവൾ കണ്ണുനീർ തുടച്ചു നീക്കി.... എന്നിട്ടും കണ്ണീർ വന്നു. അവൾ അത് തുടച്ചു കൊണ്ട് പതിഞ്ഞ സ്വരത്തിൽ പറഞ്ഞു , "ഒന്നുമില്ല". "ടീച്ചർ അവൾ കണക്കിൽ മാത്രം തോറ്റു.അതിനാ കരയുന്നേ".കുട്ടികൾക്കിടയിൽ നിന്നും ഒരു കുട്ടി വിളിച്ചു പറഞ്ഞു."അതിനാണോ കരയുന്നേ... അയ്യേ...എല്ലാവരും അവരവരുടെ സ്ഥലത്തു പോയി ഇരിക്കു...വാ ചിഞ്ചു.. ഞാൻ ഒരു കാര്യം പറയട്ടെ" ടീച്ചർ ഒരു സുഹൃത്തിനെ പോലെ പറഞ്ഞു. ടീച്ചർ ചിഞ്ചുവിനെ വിളിച്ച് ക്ലാസ്സിനു പുറത്തേക്ക് ഇറങ്ങി. "മോളേ നിനക്ക് മറ്റുള്ള എല്ലാ വിഷയങ്ങളിലും നല്ല മാർക്ക് ഉണ്ടല്ലോ...ഇതിന് മാത്രം എന്തു പറ്റി?"."ടീച്ചർ എനിക്ക് കണക്ക് കഷ്ടമാണ് . എപ്പോളും ഞാൻ ചെയ്താൽ അത് കിട്ടില്ല." കരഞ്ഞു കൊണ്ട് അവൾ പറഞ്ഞു."ആദ്യം നീ കരച്ചിൽ നിർത്തു...എന്നിട്ട് ഞാൻ പറയാം". അവൾ മുഖം കൈകൊണ്ട് തുടച്ചു. ടീച്ചർ തുടർന്നു. "കണക്ക് അത്രക്ക് ബുദ്ധിമുട്ടുള്ള വിഷയം ഒന്നുമല്ല .നീ അതിനെ ഇഷ്ടമില്ലാതെ പഠിക്കുന്നത് കൊണ്ടാണ്.നീ അതിനെ ഇഷ്ടത്തോടെ പഠിച്ചാൽ കണക്കിനോളം രസമുള്ള വേറൊരു വിഷയം ഇല്ല. നിന്റെ നെറ്റിയിലെ വട്ടപ്പൊട്ട് കണ്ടോ..പിന്നെ കൺമഷി കൊണ്ട് മനോഹരമാക്കിയ വട്ടക്കണ്ണ് കണ്ടോ..എല്ലാം കണക്ക് തന്നെ.കണക്ക് നീ ഇഷ്ടത്തോടെ പഠിക്കുക.. അപ്പോൾ അറിയാം കണക്കിലെ മായാജാലം. നിനക്ക് ഇനി കണക്കിൽ എന്ത് സംശയം വന്നാലും എന്നോട് ചോദിച്ചോ...എപ്പോൾ വേണമെങ്കിലും എന്നെ വിളിക്കാം". ഇത്രയും പറഞ്ഞ് കൊണ്ട് അവളെ ക്ലാസ്സിലേക്ക് പറഞ്ഞയച്ചു.അവൾക്ക് അപ്പോൾ കണക്കിനോട് ഒരു താത്പര്യം തോന്നി.അത് വച്ച് അവൾ പഠിച്ചു. അവൾ എന്തിനും ഏതിനും ടീച്ചറുടെ അടുത്ത് പോയി സംശയം ചോദിച്ചു.അങ്ങനെ പഠിച്ച് അവൾ കണക്കിൽ ക്ലാസ്സിൽ ഒന്നാമതായി.ഇന്ന് അവൾ പുറം രാജ്യത്ത് നല്ല ഉയർന്ന ശമ്പളം വാങ്ങുന്ന ഒരു അക്കൗണ്ടന്റ് ആണ്. അവളുടെ ജീവിതം ആരും കൊതിച്ചു പോവും വിധമായി. ഒരു പക്ഷെ അങ്ങനൊരു അധ്യാപകൻ ഉണ്ടായിരുന്നില്ലെങ്കിൽ അവൾക്ക് ഇത്ര നല്ല നിലയിൽ എത്താൻ കഴിയില്ലായിരുന്നു.

*Sikha*
*X▷A*

# ബാല്യകാലം (കവിത)

"പ്രണയമാണെനിക്ക് ബാല്യത്തോട്
മധുരമൂറുന്ന ഉന്മാദം പകരുമാ കാലം
മിടിക്കുന്ന ഹൃദയത്തിൻ ആഴങ്ങളിൽ
തുന്നിച്ചേർത്ത ഓർമ്മകൾ കഴിഞ്ഞെങ്കിലും
അവസാനിക്കാത്ത ആഹ്ലാദം പകരുന്ന
നല്ല നാളുകൾ സമ്മാനിച്ച കാലം
നനവാർന്ന മഞ്ഞിൻ പിന്നെ വേനലിൽ
പുതുമണം കൊണ്ടെത്തിച്ച മഴയിൽ
മാറിയ ഋതുക്കളിൽ തങ്ങിനിൽക്കുന്നു ബാല്യം "

*Aparna R*
*IX A*

# माँ

घर के द्वीप है माँ
परिवार के बीच फूल बानी दी है माँ
इस्वर के  बरदान है माँ
मेरा प्राण वायु है माँ
प्यार के प्रकाश है माँ
प्यारी माँ के प्यारी बेटी हु मैं

*Archana R*
*IX A*

# My Best Friend

*I had a best friend*
*It was a cute puppy*
*It was cute and white*
*with some black little dotes*

*some times my mom,*
*to wipe out my tears*
*some times my dad,*
*to leads in a right way*
*sometimes my   brother,*
*to bark out of the enemies*
*always my best friend,*
*to play and cheer*

*Without him dark around*
*suffered with loneliness*
*silence everywhere and*
*years in the heart*
*but smile at me as*
*cute little star*
*to make me laugh*
*and to sweep out darkness.*

*Manu*
*X▷A*

# VALEDICTIONS

I met her in the day light. She didnt notice me. I waited for her smile and words. But she didnt. Hours and days passed. She conversed me with her thoughts, struggles, sorrows, sympathy and everything. There was no walls between us. The depth of our relationship covered its height. Those fruitful days had gone out. The unexpected day for her departure, has come. Yes, I did it. Send her with my love and tears. I wished, Oh God! Bless her with a new friend like me.

*Jincy AJ*
*HSTEnglish*

# "Why?" ഒരു മാസ്മരിക  അനുഭവം

എന്നെ വായനയിലേക്ക്  കൊണ്ട് വന്നത് ക്രിസ്പിൻ ബോയറിന്റെ "WHY ?" എന്നെ ഇംഗ്ലീഷ് പുസ്തകമാണ്. ഈ പുസ്തകത്തിന്റെ താഴെ ആയി "Answer to Everything" എന്ന് കുറിച്ചിട്ടുണ്ട്. ഈ ലോകത്തിലെ "Why?" എന്നുള്ള എല്ലാ ചോദ്യത്തിന് ഈ പുസ്തകത്തിൽ 222 പേജുകളിൽ വർണിച്ചിട്ടുണ്ട്. "Why?" എന്നത് മാത്രമല്ല "Because" എന്നതിനും ഉത്തരമുണ്ട്. ചരിത്രം, ഭൂമി, ആകാശം, പ്രപഞ്ചം, മൃഗങ്ങൾ തുടങ്ങിയ ഇതിൽ വളരെ അധികം വിവരിച്ചിട്ടുണ്ട്. ഇതിനു യോജ്യമായ ചിത്രങ്ങളും ഇതിൽ ഉൾക്കൊളിച്ചിട്ടുണ്ട് . അല്പം കട്ടിയുള്ളതാണെങ്കിലും എനിക്ക് ഇന്നും"Why?" ഒരു മാസ്മരിക  അനുഭവം നൽകുന്നു

*Anish S*
*X A*

# A DREAM HOUSE



*Archana*▷*R*
*IX*▷*A*

# പ്രകൃതി

പ്രകൃതി നിൻ വികൃതികൾ
തകൃതിയായി  നടത്തരുത്
നിൻ വിസ്മയ  ലോകത്തിന -
സ്തമയവും  അരുതു

മൂടരാം മാനവർ കണ്ടതല്ലേയോ ..
നിൻ കരങ്ങൾ ..

ഗഗനനീലിമയോളം  ഉയർന്നതും
ശരംപോൽ   ശരീരം തുളയ്ക്കും
രശ്മിതൻ  ഉത്ഭവവും
സഹമതാവേ നിൻ
മാറു രണ്ടായി  പിളർന്നതും
മനുഷ്യാ  നീ അറിയുക
പ്രകൃതിതൻ  വികൃതികൾക്ക്ഔഷധം
നിൻ  പ്രവർത്തികൾ  മാത്രം ..

മരം  ഒരു വരം എങ്കിൽ മാനവാ
മരമില്ലെങ്കിൽ  നിൻ  മരണമാണ്
വരിക്കരുത്  നിൻ  മരണം
വധിച്ച കൊണ്ട് മരങ്ങളെ

*SuchitraRNair*
*TeacherTrainee*
*TTINemmara*

# MY HOUSE



*Dhanusree*
*VIII▷A*

## ദലിത് മുന്നേറ്റം (കവിത)

അടയിരുന്ന് വിരിയിച്ചതാണ്
നാളെയുടെ പ്രതീക്ഷയാണ്
വിരൽത്തുമ്പിൽ
പിറവികൊണ്ട അക്ഷര കുഞ്ഞുങ്ങൾ..
നാട്ടിലൊക്കെ നല്ല മതിപ്പാണ്
തറവാടിത്തത്തിനു കുറവില്ല
തീറ്റയൊക്കെ കാലേക്കൂട്ടി
തടിച്ചുകൊഴുത്തുരുണ്ട് നടപ്പാണ്
മണ്ണിന്റെ മണമറിയാത്ത മക്കൾ
മിനുത്തു തുടുത്ത ത്തുവലുകൾ
അടക്കവും ഒതുക്കവും ശീലിച്ചവർ
കണ്ടാൽ മോശം പറയാത്തവർ
പടിപ്പുരയ്ക്ക് അപ്പുറം കടക്കാത്തവർ
ഇപ്പുറം ആളും തരവും നോക്കി സന്ധി ചെയ്യുന്നവർ.
നിങ്ങൾ ആരെയാണിന്നു ഭയക്കുന്നത് ?
ഏതു കഴുകന്റെ കരിനിഴൽ വീണാണ്
വെളുത്തു തുടുത്ത നിങ്ങളുടെ മുഖം ഇരുണ്ടു തുടങ്ങിയത്?
വാതിലുകൾക്കു പിന്നിൽ പേടിച്ചരണ്ട മിഴികളുമായി
വയലുകളിലേക്ക് ഉറ്റുനോക്കുന്നതാരേ?
ഞാൻ ഇപ്പോഴാണു ശ്രദ്ധിക്കുന്നത്
മൈലുകൾക്കപ്പുറം മറ്റൊലി കൊള്ളുന്നതു
നമ്മൾ തൻ പ്രതിശബ്ദമല്ലയോ?
വെറും ഓലച്ചൂട്ടിന്റെ വെളിച്ചത്തിൽ
ആളിക്കത്തുന്ന മനസുമായി
നമ്മെ ചുറ്റിവളയുന്നതാരാണിവർ?
അനുവാദം ചോദിക്കാതെ
തന്നിഷ്ടത്തിന് ഹൃദയകവാടം തുറന്ന്
ഇറങ്ങി വരാൻ ശീലിച്ചവർ
തന്റേടികൾ, തെറിവാക്കു പറയുന്നോർ
കറുകറുത്ത തൊലിക്കട്ടിയുള്ളോർ
ചേറിലും ചെളിയിലും പുരണ്ടെണീറ്റ്
നിദാഘത്തിന്റെ ദുർഗന്ധം വമിക്കുന്നോർ
ഇടിവെട്ടു പോലെ ഉച്ചത്തിൽ അലറുന്നോർ
രൂപത്തിലും ഭാവത്തിലും വന്യത കലർന്നവർ
ആകാശത്തെ വാരി പുണർന്നവർ
ഭൂമിയെ ചുംബിച്ചുണർത്തിയവർ
അതിർത്തികളെ അതിലംഘിച്ചവർ
പുറകിലൂടെ വരുന്നതേ കണ്ടുള്ളു
എത്ര പെട്ടെന്നാണവർ
മുഖാമുഖം നിന്ന്
മുഷ്ടി ചുരുട്ടി
മുദ്രാവാക്യം മുഴക്കി
കസേരകളിൽ ഇരുപ്പുറപ്പിച്ചത്..!!!

*Ramya R*
*HSTMalayalam*

## SAVE FUEL AND SAVE EARTH

(A Painting)



*Sajeevan R*
*X A*

# നിലാവ്(കവിത)

നിലാവെ  നിൻ  പുഞ്ചിരിയെൻ
മനസ്സിൽ സ്നേഹത്തീർത്തമായ്
നിന്നൊഴുകുന്നു
നിന്നെ കാണും നേരം
എൻ നെഞ്ചിലെ  മുറിവുകൾ
ആരും കാണാദൂരത്തൊളിക്കും
നിൻ പ്രഭയാൽ ഭൂമി മിന്നിതിളങ്ങി
രാത്രിയിലെ ശോഭയെ
നിന്നെക്കാണാൻ ഞാൻ
ഓരോ രാത്രയും കാത്തിരിക്കുന്നു

*Nandana C*
*IX A*

# മഷിക്കൂട്ട്

കറുകറുത്ത മഷിക്കൂട്ടുകളേ ..നിങ്ങൾ
വെളുത്തു തുടുത്ത ഈ കടലാസ് താളുകളിൽ
ഒഴുകി ഒഴുകിയങ്ങനെ നീന്തി തുടിക്കുമ്പോൾ
പുസ്തകം വൃത്തികേടാക്കിയതിന് എന്നമ്മ
പ്രാകി തല പൊട്ടിക്കുന്നുണ്ടിവിടെ.
അനുസരണയില്ലാത്ത പെൺജന്മത്തെയോർത്ത്
പൂമുഖ പടിയിൽ അച്ഛന്റെ ശിരസ്സറ്റു വീഴുന്നു.
അവരാരും കാണാതേ ഒച്ചപ്പാടുകളറിയിക്കാതേ
ആത്മഹർഷം കൊണ്ടെന്റെ കൈപ്പടയിൽ പിറന്ന
കറുത്തു മെലിഞ്ഞ പുഴുക്കളെ നിങ്ങൾക്ക് സുസ്വാഗതം.
താമസമരുതിനി
തിരിഞ്ഞുനോട്ടമർത്ഥശൂന്യം
ഹൃദയക്കൂടു പൊട്ടിച്ച്
സ്വർണ്ണ ചിറകുവിടർത്തി
പറന്നങ്ങു കുതിക്കുവിൻ.
എന്നാത്മാവിലായിരം വസന്തം വിരിയിക്കുവാൻ.

പിടിച്ചടയ്ക്കാൻ വെമ്പുന്ന,
പിന്നിൽ നീളുന്ന ബലിഷ്ഠ കരങ്ങളെ,
ആർത്തലയ്ക്കുന്ന അട്ടഹാസങ്ങളെ,
അടിച്ചമർത്തുന്ന ആജ്ഞാപനങ്ങളെ ,
എല്ലാത്തിനേയും
ബന്ധിക്കുവിൻ നിങ്ങൾ തൻ
പൊൻപട്ടു ചിറകിന്റെ നൂലിഴകളാൽ.

നീ പിറന്ന കൂടിന്റെ ശേഷിപ്പുകൾക്കരികെ
നിന്നാവോളമെൻ നഗ്നനേത്രങ്ങളാൽ അനുഗമിപ്പുണ്ടു ഞാൻ
നിന്റെ യാത്രാപഥത്തെ.

വിണ്ണിലേക്കു നീളുമെൻ കണ്ണുകൾ കൗതുകം കൂറുന്നു.
വിഹായസ്സിലെങ്ങാനും വിശ്രമം കൊള്ളുമാ നിന്റെ പൊൻ തൂവലുകൾ:
മണ്ണിലേക്കു പൊഴിയുമ്പോൾ
ഓടിച്ചെന്നെടുക്കാനും
'തോളുകൾക്ക് ഇരുപുറവും വരിഞ്ഞുകെട്ടാനും.'

*RamyaR*
*HSTMalayalam*

# Film Review - Clint

Clint is a malayalam language film, a biographical on Edmund Thomas Clint, a child known for having drawn over 2500 paintings during his short life of seven years. It was directed by Harikumar, starring - Master Alok, Reema Kallingal, Unni Mukunthan, Joy Mathew and KPAC Lalitha.

I am deeply pained after watching this movie Clint, one of my favourite and always cherish memories of Clint and his paintings what he achieved in his short life and I asked god many times why did you called him so early and what could have been the state of parents if loose their son or daughter very early before they could finish loving them. All the actors acted respective roles within the limited screen space. The film was released in India on 11th August 2017. It was showed on flowers TV during Onam after a month of its theatrical release. It was a film of simple, emotional and believable of an extraordinary child life

*JyothisNaderi*
*TeacherTrainee*
*TTINemmara*

# <u>പ്രകൃതി</u>

പ്രകൃതി നിൻ വികൃതികൾ
തകൃതിയായി  നടത്തരുത്
നിൻ വിസ്മയ ലോകത്തിന -
സ്തമയവും  അരുതു
മൂടരാം മാനവർ കണ്ടതല്ലെയോ .
നിൻ കരങ്ങൾ ഗഗനനീലിമയോളം  ഉയർന്നതും
ശരംപോൾ  ശരീരം തുളയ്ക്കും
രശ്മിതൻ  ഉത്ഭവവും
സഹമതാവേ നിൻ
മാറു രണ്ടായി  പിളർന്നതും
മനുഷ്യാ  നീ അറിയുക
പ്രകൃതിതൻ  വികൃതികൾക്ഔഷധം
നിൻ  പ്രവർത്തികൾ  മാത്രം ..
മരം  ഒരു വരം എങ്കിൽ മാനവാ
മരമില്ലെങ്കിൽ  നിൻ  മരണമാണ്
വരിക്കരുത്  നിൻ  മരണം
വധിച്ചു കൊണ്ട് മരങ്ങളെ

*SuchitraRNair*
*TeacherTrainee*
*TTINemmara*

# പ്രണയം

നമ്മൾ രണ്ടു പേർക്കും പ്രണയമായിരുന്നു.
കാറ്റിനോടും
കടലിനോടും
നിലാവിനോടും
രാത്രിയോടും
ഏകാന്തതയോടും
എന്നു വേണ്ട കാല്പനികമായ എല്ലാത്തിനോടും
പ്രണയം..❤

പിന്നെ എന്താവാം..?
ഒരേ മുറിയിൽ
ഒരുമിച്ചു കഴിഞ്ഞ നമ്മൾ രണ്ടാത്മക്കൾ പരസ്പരം പ്രണയിക്കാതെ പോയത്?💔
അറിയില്ല,
അറിയാൻ ശ്രമിച്ചില്ല- അതല്ലേ സത്യം?
കോടതി വളപ്പിൽ കൈകുലുക്കി പിരിയുമ്പോഴും നമ്മൾ പ്രണയത്തിലായിരുന്നു...
മേൽപ്പറഞ്ഞ എല്ലാത്തിനോടും എന്നുമാത്രം..

അടുത്ത ജന്മമെങ്കിലും 'നമ്മൾ'ക്കു പ്രണയിക്കണം.
അതൊരിക്കലും കാല്പനികതയുടെ നറുനിലാവു പെയ്യുന്ന
മുന്തിരി തോപ്പുകളിൽ വച്ചാവരുത്.

നിന്നിലെ എന്നെയും
എന്നിലെ നിന്നെയും
കണ്ടെത്താനാവുന്ന
മറ്റൊരിടത്തു വച്ച്.
അത്..
മുള്ളിലും
ചളിയിലും
തീയിലുമാവുകയാണെങ്കിൽ
കൂടുതൽ നന്ന്.

*Ramya R*
*HST Malayalam*

# ഇനിയും വരുമോ ആ വസന്തകാലം..

പതിവുപോലെ അന്നും സന്ധ്യമയങ്ങി. അവൻ സമയം നോക്കിയിരിപ്പായി . നാളെയാണ് അവന്റ എസ്സ്. എസ് എൽ സി റിസൾട്ട് വരുന്നത് . അവൻ ഉക്കിയിട്ട അവനത് അച്ഛന്റെ ഫോട്ടോയിൽ മാലയിട്ടു പ്രാർത്ഥിച്ചു "അച്ഛാ .. നാളെയാണ് എന്റെ റിസൾട്ട് വരുന്നത്, എന്താണോ ? എനിക്ക് എല്ലാ വിഷയത്തിലും ഫുൾ എ പ്ലസ് കിട്ടിയാൽ എനിക്ക് ഒരു ഫോണും ബൈക്കും വാങ്ങി തരാമെന്നു പറഞ്ഞില്ലേ ? അച്ഛാ കാത്തുകൊൾകണേ .. ." അവൻ കണ്ണുകൾ ചിമ്മി. .. രാത്രിയിൽ നിശബ്ദത പടർന്നു നിൽക്കുന്നു. കാറ്റിന്റെ ശബ്ദം അവനു നെഞ്ചിടിപ്പു പോലെ കേൾകാം . പുതപ്പ അവന്റെ ശരീരത്തിൽ മെല്ലെ സ്പർശിച്ചു . ഇളം ചൂടിൽ അവൻ മെല്ലെ നിദ്രയിലേക്ക് വഴുതിവീണു.

സ്വർഗ്ഗത്തിന്റെ സുവർണ്ണ വാതിൽ തുറന്നു, വെളിച്ചം എങ്ങും പരന്നു . സ്വർണത്തിന്റെ കിരീടവുമായി അവനെ അമ്മ വിളിക്കുന്നു

" മോനെ.. എനിക്കെടാ കുട്ടാ.. ഇന്നല്ലേ റിസൾട്ട് വരുന്നത്. സമയം പത്തുമണി ആയി "

പത്തുമണിയോ ? അവൻ കിടക്കയിൽ നിന്നും ഒറ്റ ചാട്ടം . സമയം നോക്കുമ്പോൾ എട്ടു മണി .

അമ്മേ .. എട്ടു മണിയല്ലേ ആയിട്ടുള്ളൂ .. ഞാൻ കുറച്ചു കൂടെ കിടക്കട്ടെ..

" എടാ നിനക്ക് ഫുൾ എ+ ആണ് "

ഇത് കേട്ടതും അവൻ സന്തോഷാത്തോടെ അമ്മയെ കെട്ടിപിടിച്ചു ഒരു ഉമ്മ കൊടുത്തു . സന്തോഷത്തോടെ 'അമ്മ അവന്റെ കൈയിലേക്ക് ഫോണും ബൈക്കിന്റെ ചാവിയും കൊടുത്തു . അമ്മയോട് പറയാതെ അവൻ ബൈക്കിൽ ചുറ്റികറങ്ങാൻ പോയി. രാത്രികളിൽ ബ്ലൂവേൽ ഗെയിം കളിയ്ക്കാൻ തുടങ്ങി . അവൻ ബ്ലൂവേൽ ഗെയിമിന്റെ ഓരോ ടാസ്സ്കുകളിലേക്കു കടന്നു. അവനു ഇപ്പൊ എല്ലാവരോടും ദേഷ്യം

ആണ്, അവന്റെ അമ്മയോടു പോലും. അവന്റെ ഈ പെരുമാറ്റം കണ്ടു അമ്മയ്ക്കു സങ്കടം ഉള്ളിൽ ഒതുക്കാൻ പറ്റാതായി. 'അമ്മ പൊട്ടിക്കരഞ്ഞു. അവസാനം ബ്ലൂവെൽ ഗെയിമിന്റെ അവസാന ടാസ്കിലേക്കു കടന്നു . എന്താണെന്നോ.. നാലു നില കെട്ടിടത്തിന്റെ മേലിൽ നിന്ന് എടുത്തു ചാടാൻ. അവൻ അതിനു വേണ്ടി നേരം പുലരാൻ കാത്തിരുന്നു.

നേരം വെളുത്തു അവൻ നിദ്രയിൽ നിന്ന് എഴുന്നേറ്റു കൊണ്ട് ബൈക്ക് എടുത്തു ആ കെട്ടിടത്തിന്റെ അടുത്തേക്ക് പോവുമ്പോഴാണ് അവൻ പെട്ടന്ന് ഒരു ലോറി ഇടിച്ചു അവന്റെ കാലിൽ കൂടെ ലോറി കയറിഇറങ്ങിയത് . എവിടെ നിന്നോ അവന്റെ അമ്മയുടെ കരച്ചിൽ കേൾക്കുന്നു. അവൻ കണ്ണുകൾ തുറന്നു

" ഞാൻ എവിടെ ആണ് കിടക്കുന്നത് ? "

അവൻ ചുറ്റും നോക്കി . അത് ഒരു ICU ആണെന്ന് അവൻ മനസ്സിലാക്കി . "
അമ്മയും എന്റെ കൂട്ടുകാരും എല്ലാവരും ഉണ്ടല്ലോ.. "എന്താണ് കാര്യം ? "
എന്റെ കാലുകൾ എവിടെ, അവൻ ഓർത്തു നോക്കി . റോഡിലേക്ക് വീണ സമയം അവന്റെ ഓർമയിൽ തെളിഞ്ഞു. അവന്റെ കൂട്ടുകാരൻ അമ്മയോട് പറയുന്നത് കേട്ടു. " വിഷ്ണു വേഗത്തിൽ പോവുമ്പോഴാണ് അപകടത്തിൽ പെട്ടത് , കാലുകളിൽ കൂടെ വണ്ടി കയറി . ഡോക്ടർ പറഞ്ഞു അവന്റെ കാൽ നഷ്ടപ്പെട്ടു എന്ന്. ഞങ്ങൾ വരുന്ന വഴി ഒരു ആൾക്കൂട്ടം കണ്ടു അവിടെ നിന്ന് നോക്കുമ്പോൾ അതാ അവൻ ചോരയിൽ അവിടെ കിടക്കുന്നു. കുറേപേരുടെ വണ്ടി തടഞ്ഞു ആരും നിർത്തിയില്ല. പിന്നെ ആംബുലൻസ് ആണ് അവനെ കൊണ്ടുവന്നത് "

ഇതു കേട്ടതും അവന്റെ 'അമ്മ പൊട്ടിക്കരഞ്ഞു. "ഇനിയും വരുമോ ആ വസന്തകാലം " അവന്റെ 'അമ്മ സങ്കടത്തോടെ അവനോടു പറഞ്ഞു

Asna H
VIII A

## മോഹം (കവിത)

എനിക്കൊരു മോഹം ഇനിയുള്ള കാലം
ഒരു മഞ്ഞു തുള്ളിയായ് മാറാൻ,
സൂര്യപ്രകാശത്തിൽ വെട്ടിതിളങ്ങുന്ന
ഒരു കുഞ്ഞുതുള്ളിയായ് മാറാൻ,
ആകാശത്തങ്ങനെ കാവടി തീർക്കുന്ന
മാരിവില്ലായൊന്നു  മാറാൻ,
ചാറ്റൽ മഴയത്തു നൃത്തം ചവിട്ടുന്ന
അഴകുള്ള മയിലായ് മാറാൻ,
കുഞ്ഞിളം കാട്ടിൽ താലോലമാടുന്ന
ഒരു കൊച്ചു പുഷ്പമായ് മാറാൻ,
അതിനുള്ളിൽ നുരയുന്ന നറുതേൻ നുകരുവാൻ
ഒരു ചിത്രശലഭമായ് മാറാൻ.

*Aparna▷R*
*X▷A*

# *Thank you for listening us ...*



*We will ever shine with glitter scattering its sweet fragrance ..*